**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4633 13.11.2019-ൽ മറുപടിക്ക്**

**തോട്ടം തൊഴിലാളികളുടെ മിനിമം വേതനം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ : | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ മിനിമം വേതനം പരിഷ്കരിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണമെന്താണെന്ന് വിശദമാക്കുമോ;<br>(ബി) പ്രസ്തുത മേഖലയിലെ മിനിമം വേതനം അവസാനമായി പുതുക്കിയത് എന്നാണെന്ന് വെളിപ്പെടുത്താമോ; | (എ) യും (ബി) യും 17/05/2016-ലെ സ.ഉ.(അച്ചടി)നമ്പർ 76/2016/തൊഴിൽ പ്രകാരം തോട്ടം മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം 01/07/2015 മുതൽ മുൻകാല പ്രാബല്യത്തോടെ പുതുക്കി നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. മേൽ പ്രകാരം നിശ്ചയിച്ച മിനിമം വേതനം പുതുക്കി നിശ്ചയിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തൊഴിലാളി യൂണിയനുകൾ ലഭ്യമാക്കിയ ഡിമാന്റിന്റെ അടിസ്ഥാനത്തിൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റി നിരവധി യോഗങ്ങൾ ക്രമീകരിച്ച് ടി വിഷയം ചർച്ച ചെയ്തുവെങ്കിലും മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനായുള്ള ധാരണയിലെത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല. |
| (സി) മിനിമം വേതനം പുതുക്കി നിശ്ചയിക്കുവാൻ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗം ചേർന്നിട്ടുണ്ടോ; എങ്കിൽ എന്ന് ചേർന്നുവെന്നും പ്രസ്തുത യോഗത്തിലെടുത്ത തീരുമാനം എന്തെന്നും വ്യക്തമാക്കുമോ; | (സി) തോട്ടം തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുവേണ്ടി തൊഴിലാളി യൂണിയനുകൾ ലഭ്യമാക്കിയ ഡിമാന്റിന്റെ അടിസ്ഥാനത്തിൽ 07/02/2018-ലെ പ്ലാന്റേഷൻ ലേബർ കമ്മിറ്റി മിനിമം വേതന പരിഷ്കരണം സംബന്ധിച്ച വിഷയം ചർച്ച ചെയ്യുകയും തുടർന്ന് തൊഴിലാളി യൂണിയനുകളുടെ സംയുക്ത ഫെഡറേഷൻ ലഭ്യമാക്കിയ ഡിമാന്റിന്റെ അടിസ്ഥാനത്തിൽ 07/03/2018-ലെ യോഗം ആയത് ചർച്ച ചെയ്ത് തൊഴിലുടമ പ്രതിനിധികളുടെ |

| | | | |
|---|---|---|---|
| | | | അഭിപ്രായം അറിയിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. തുടർന്ന് ടി ഡിമാന്റിൻമേൽ തൊഴിലുടമ പ്രതിനിധികൾ ലഭ്യമാക്കിയ അഭിപ്രായത്തിന്റെ കൂടി അടിസ്ഥാനത്തിൽ ടി വിഷയത്തിന്മേൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റി ഇതിനകം 10 യോഗങ്ങൾ ചേർന്ന് ചർച്ച ചെയ്തുവെങ്കിലും വേതന പരിഷ്കരണം സംബന്ധിച്ച് ഒരു സമവായത്തിലെത്തിച്ചേരാൻ കഴിഞ്ഞില്ല, എന്നിരുന്നാലും സംസ്ഥാനത്തെ തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് 27/02/2019-ൽ ബഹു.തൊഴിൽവകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ പ്രതിദിനം 50/- രൂപ ഇടക്കാലാശ്വാസം നൽകുവാൻ തീരുമാനിച്ച് കരാർ ഉണ്ടാക്കിയിട്ടുണ്ട്. തോട്ടം മേഖലയിലെ മിനിമം വേതന പരിഷ്കരണം ചർച്ച ചെയ്യുന്നതിനായി പ്ലാന്റേഷൻ ലേബർ കമ്മിറ്റിയുടെ അടുത്ത യോഗം 14/11/2019-ൽ ബഹു.തൊഴിൽവകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വീണ്ടും ചേരുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | തോട്ടം മേഖലയിൽ നിലനിൽക്കുന്ന അരക്ഷിതാവസ്ഥയുടെ സാഹചര്യത്തിൽ മിനിമം വേതനം അടിയന്തരമായി പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.